Draft #25 of File 3086/AD AI 2/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 26-Jun-2020 02:12 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം - ഓഫീസർമാരുടെ തസ്തിക ക്രമീകരണം, നിയമനം, സ്ഥലം മാറ്റം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 2854/AD A1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 26.06.2020

---

*പരാമർശം:*-1. 25.06.2020 തീയതിയിലെ വൈസ്-ചാൻസിലറുടെ കുറിപ്പ് നം .വി.സി./702/2/082/2020.

2. സർവ്വകലാശാല ഉത്തരവ് നം. 2254/AdA 1/2020/എം.ജി.യു തീയതി 29.05.2020
3. രജിസ്ട്രാറുടെ ഉത്തരവ് സഹിതമുള്ള കുറിപ്പ് നം. AdA 1/2/2020 തീയതി 26.06.2020
4. സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016
5. സർവ്വകലാശാല ഉത്തരവ് നം. 5827/എIII/2018/ഭരണവിഭാഗം തീയതി 28.07.2018.

**<u>ഉത്തരവ്</u>**

സർവ്വകലാശാലയിൽ 2014 മുതൽ നിർത്തലാക്കിയ ഓഫ് ക്യാമ്പസ് സെന്ററുകളുമായി ബന്ധപ്പെട്ട ചുമതലയുൾപ്പെടെയുള്ള പരീക്ഷാവിഭാഗത്തിലെ അസിസ്റ്റന്റ് രജിസ്ട്രാർ 16 (പരീക്ഷ) യുടെ ജോലിഭാരം കുറഞ്ഞത് പരിഗണിച്ച് ടി തസ്തിക അസിസ്റ്റന്റ് രജിസ്ട്രാർ -7 (ഭരണം) ആയി നാമകരണം ചെയ്ത് സെൽഫ് ഫിനാൻസിങ് കേസുകളുമായി ബന്ധപ്പെട്ട ജോലികൾക്കായി ഭരണ വിഭാഗത്തിലേക്ക് മാറ്റി പരാമർശം (1) പ്രകാരം വൈസ്-ചാൻസിലർ ഉത്തരവായിരിക്കുന്നു. സെൽഫ് ഫിനാൻസിങ് കേസുകളുടെ മേൽനോട്ടം വഹിക്കുന്നതിനായി സെൽഫ് ഫിനാൻസിങ് വിഭാഗത്തിലേക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പരാമർശം (2) പ്രകാരം നിയോഗിച്ചിരുന്ന വൈസ്-ചാൻസിലറുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി ശ്രീ.നജീബ് എം., അസിസ്റ്റന്റ് രജിസ്ട്രാറെ അസിസ്റ്റന്റ് രജിസ്ട്രാർ -7 (ഭരണം) ആയി മുഴുവൻ സമയ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിരിക്കുന്നു.

മേൽ പരാമർശിച്ച തസ്തിക ക്രമീകരണവുമായി ബന്ധപ്പെട്ട് സർവ്വകലാശാലയിൽ ചുവടെ ചേർത്തിരിക്കുന്ന വിധത്തിൽ ഓഫിസർമാരെ ഉടൻ പ്രാബല്യത്തിൽ സ്ഥലം മാറ്റി നിയമിച്ചുകൊണ്ട് പരാമർശം (1) പ്രകാരം വൈസ് - ചാൻസിലർ ഉത്തരവായിരിക്കുന്നു.

- അസിസ്റ്റന്റ് രജിസ്ട്രാർ - 6 (ഭരണം), ശ്രീ. മനോഹരൻ വി. എ. യെ വൈസ് - ചാൻസിലറുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയായി ആയി നിയമിച്ചിരിക്കുന്നു.
- അസിസ്റ്റന്റ് രജിസ്ട്രാർ -16 (പരീക്ഷ) വഹിച്ചിരുന്ന ചുമതലകൾ അസിസ്റ്റന്റ് രജിസ്ട്രാർ-12 (പരീക്ഷ ) ക്ക് നല്കിയിരിക്കുന്നു.
- അസിസ്റ്റന്റ് രജിസ്ട്രാർ (RTI) ശ്രീമതി. അനില ഫിലിപ്പ് നെ അസിസ്റ്റന്റ് രജിസ്ട്രാർ - 6 (ഭരണം) ആയി നിയമിച്ചിരിക്കുന്നു.
- അസിസ്റ്റന്റ് രജിസ്ട്രാർ 16 (പരീക്ഷ) ആയിരുന്ന ശ്രീമതി.സുജ പി.തോമസ് നെ അസിസ്റ്റന്റ് രജിസ്ട്രാർ (RTI ) ആയി നിയമിച്ചിരിക്കുന്നു.

പരാമർശം (2) പ്രകാരം സെക്ഷൻ ഓഫീസറായി സ്ഥാനക്കയറ്റം നൽകിയ ശ്രീ.ടെസ്സിൻ സൈമൺ- നെ ജൈവം സെല്ലുമായി ബന്ധപ്പെട്ട ജോലികൾക്ക് കൂടി നിയോഗിച്ചിരിക്കുന്നതിനാൽ ശ്രീമതി.ജയശ്രീ.ആർ.വാര്യം സെക്ഷൻ ഓഫീസറെ ജൈവം സെൽ-ലെ അധികച്ചുമതലയിൽ നിന്നും പരാമർശം (3 ) പ്രകാരം ഒഴിവാക്കിക്കൊണ്ട് രജിസ്ട്രാർ ഉത്തരവായിരിക്കുന്നു.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ പരാമർശം (4) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

വൈസ് - ചാൻസിലറുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയായി ആയി നിയമിക്കപ്പെട്ടിരിക്കുന്ന ശ്രീ.മനോഹരൻ വി.എ. യ്ക്ക് പരാമർശം (5) പ്രകാരം ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

എ എസ് ചാവറ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. പി.എസ് ടു വൈസ് ചാൻസിലർ / പ്രോ-വൈസ് ചാൻസിലർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ഡയറക്ടർ, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ്
6. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി.യു.
7. പബ്ലിക് റിലേഷൻസ് ഓഫീസർ/പൂൾ ഓഫീസർ (ഭരണവിഭാഗം)
8. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂ.എ.സി./CITAD
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #25 of File 3086/AD AI 2/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 26-Jun-2020 02:12 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം